LIBRARY ARCHIVES Kerala Legislative Assembly

എല്ലാ സൗകര്യങ്ങളുമുള്ള അങ്കണവാടികളുടെ നിർമ്മാണം

293 (1666) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ആറ് വയസ്സിനുതാഴെപ്രായമുള്ള കുട്ടികൾ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ, വൃദ്ധർ എന്നിവരെ ഒരുകുടക്കീഴിൽ കൊണ്ടുവരിക എന്ന ഉദ്ദേശ്യത്തോടുകൂടി എല്ലാ സൗകര്യങ്ങളുമുള്ള 60 അങ്കണവാടികൾ നിർമ്മിക്കുന്നതിന് 4235-02-96 (പി) എന്ന ശീർഷകത്തിൽ 2014 -15 സാമ്പത്തിക വർഷം എത്ര കോടി രൂപ വകയിരുത്തിയിരുന്നു;

(ബി) കെട്ടിടം നിർമ്മിക്കേണ്ട അങ്കണവാടികളുടെ പട്ടിക അംഗീകരിച്ചിട്ടുണ്ടോ എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി എപ്രകാരമാണ് വിലയിരുത്തിയിരുന്നത് ;

(ഡി) 42 അങ്കണവാടികളുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; ഓരോന്നിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത വിഷയം സംബന്ധിച്ച് പൊതുമരാമത്ത്, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗങ്ങൾ തമ്മിൽ എന്തെങ്കിലും ആശയക്കുഴപ്പം നിലനിൽക്കുന്നുണ്ടോ ; മലപ്പുറം ജില്ലയിലെ മുതുവല്ലൂർ, പുളിക്കൽ അംഗനവാടി കെട്ടിടത്തിന്റെ പുരോഗതി പ്രത്യേകം വിശദമാക്കുമോ ?

ഉത്തരം

(എ) ആറ് വയസ്സിനുതാഴെ പ്രായമുള്ള കുട്ടികൾ, കൗമാരക്കാരായ പെൺകുട്ടികൾ, വൃദ്ധർ എന്നിവരെ ഒരുകുടക്കീഴിൽ കൊണ്ടുവരിക എന്ന ഉദ്ദേശ്യത്തോടുകൂടി എല്ലാ സൗകര്യങ്ങളുമുള്ള 60 അങ്കണവാടികൾ നിർമ്മിക്കുന്നതിന് 4235-02-96 (പി) എന്ന ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷം 7 കോടി രൂപ വകയിരുത്തിയിരുന്നു.

(ബി) കെട്ടിടം നിർമ്മിക്കേണ്ട 60 അങ്കണവാടികളുടെ പട്ടക അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറും ജില്ലാ പ്രോഗ്രാം ഓഫീസർമാരും എല്ലാ മാസവും സമർപ്പിക്കുന്ന കെട്ടിട നിർമ്മാണ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്തുന്നത്.

(ഡി) ആദ്യഘട്ടമായി നടപ്പിലാക്കിയിട്ടുള്ള 42 അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനം ആരംഭഘട്ടത്തിലാണ്. വിശദവിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(ഇ) പ്രസ്തുത വിഷയം സംബന്ധിച്ച് പൊതുമരാമത്ത്, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗങ്ങൾ തമ്മിൽ ആശയക്കുഴപ്പം നിലനിൽക്കുന്നില്ല. മലപ്പുറം ജില്ലയിലെ മുതുവല്ലൂർ (അങ്കണവാടി നമ്പർ 100), പുളിക്കൽ (അങ്കണവാടി നമ്പർ 5) എന്നിവയുടെ കെട്ടിട നിർമ്മാണ ചുമതല പൊതുമരാമത്ത് വകുപ്പ് കെട്ടിടം വിഭാഗം ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ടെങ്കിലും നിർമ്മാണമാരംഭിച്ചിട്ടില്ല.

സ്ത്രീ സമത്വ-ശാക്തീകരണം നയരൂപീകരണം

294 (1667) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സ്ത്രീ സമത്വ-ശാക്തീകരണ വിഷയത്തിൽ നയരൂപീകരണം നടത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ പ്രത്യേകതകൾ വിശദമാക്കുമോ ;

(ബി) മൂന്നാം ലിംഗക്കാരുടെ ആവശ്യങ്ങളും താല്പര്യങ്ങളും ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ അവ എന്തൊക്കെയാണെന്നും, അവയ്ക്ക് പ്രാധാന്യം നൽകി നയത്തിൽ ഉൾപ്പെടുത്തിയ കാര്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്ത്രീ സമത്വ-ശാക്തീകരണ വിഷയങ്ങളിൽ നയരൂപീകരണം നടത്തിയിട്ടുണ്ട്. ആയതിന്റെ പ്രത്യേകതകൾ ചുവടെ ചേർക്കുന്നു :

1. എല്ലാ അതിക്രമങ്ങളിൽനിന്നും വിശിഷ്യാ ലിംഗാധിഷ്ഠിത അതിക്രമങ്ങളിൽനിന്നും സംരക്ഷണവും മോചനവും ഉറപ്പാക്കുക.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly